42. ചിറ്റൂർ-തത്തമംഗലം

43. പെരിന്തൽമണ്ണ

44. മലപ്പുറം

45. പൊന്നാനി

46. തിരൂർ

47. നിലമ്പൂർ

48. കോട്ടയ്ക്കൽ

49. കോഴിക്കോട്

50. വടകര

51. കൊയിലാണ്ടി

52. കണ്ണൂർ

53. തലശ്ശേരി

54. ക്ലത്തുപറമ്പ്

55. പയ്യന്നൂർ

56. മട്ടന്നൂർ

57. തളിപ്പറമ്പ്

58. കാസർഗോഡ്

59. കാഞ്ഞങ്ങാട്

60. നീലേശ്വരം

മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും മാലിന്യ സംസ്കരണം

119 (4154) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാലിന്യസംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും നടപടികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കോർപ്പറേഷൻ മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നഗരസഭകളിലെ മാലിന്യനിർമ്മാർജ്ജനത്തിലേയ്ക്കായി പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിച്ച് സംസ്കരിക്കുന്നതിലേക്കായി ഉറവിടമാലിന്യ സംസ്കരണ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ച് ചുവടെ ചേർക്കുന്നു :

മുനിസിപ്പാലിറ്റികൾ	നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പദ്ധതി	നാളിതുവരെ അനുവദിച്ച തുക
പത്തനംതിട്ട ഒഴികെയുള്ള എല്ലാ നഗരസഭകളും	ഉറവിട മാലിന്യ സംസ്കരണ പദ്ധതി	17,24,21,948.00 രൂപ
	സമൂഹതലത്തിലും സ്ഥാപനതലത്തിലും ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം	28,49,48,660.00 "
എല്ലാ നഗരസഭ കളിലും കോർപ്പറേഷനുകളിലും	മഴക്കാല പൂർവ്വ ശുചീകരണം	8,88,11,217.00 "
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും	ഉറവിട മാലിന്യ സംസ്കരണ പദ്ധതി	11,53,45,371.00 "
	സമൂഹതലത്തിലും സ്ഥാപനതലത്തിലും ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം	12,80,000.00 "

LIBRARY ARCHIVES Kerala Legislative Assembly